# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.764** **09/08/2017-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിന് പുതിയ പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ<br>" സി. കൃഷ്ണൻ<br>" കെ.ഡി. പ്രസേനൻ<br>" കാരാട്ട് റസാഖ് : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | **പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br>1. സാമൂഹിക പഠനമുറി<br>2. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം<br>3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം - അടിസ്ഥാന സൗകര്യ വികസനം.<br>4. എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വികസനത്തിനായുള്ള പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി.<br>5. പെൺകുട്ടികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതി - ഗോത്ര വാത്സല്യ നിധി<br>6. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം<br>7. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.<br>8. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃ മരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ |

| | | | |
|---|---|---|---|
| | | | പ്രചരണ പരിപാടി ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ - സമഗ്ര ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.<br>9. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ് / ഹോസ്റ്റലുകളുടെ നിർമ്മാണം. |
| **(ബി)** | തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ അവർക്കായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | **(ബി)** | ഉണ്ട്. |
| **(സി)** | എങ്കിൽ ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പ്രസ്തുത പദ്ധതി യുമായി സഹകരിക്കുന്നത് ; | **(സി)** | **ആരോഗ്യത്തിന് ഊന്നൽ നല്കി കൊണ്ട് സമഗ്രവും സംയോജിതവുമായ പട്ടികവർഗ്ഗ വികസന പരിപാടിയ്ക്ക്** ആരോഗ്യവകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, കുടുംബശ്രീ, കേരള മഹിളാ സമഖ്യ സൊസൈറ്റി, സാമൂഹ്യ സുരക്ഷാ മിഷൻ, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ കേരളം തുടങ്ങിയ ഏജൻസികളുമായാണ് സഹകരിക്കുന്നത്.<br>**പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി** - പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വികസനത്തിനായുള്ള പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി, പട്ടികവർഗ്ഗ വികസനവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. |
| **(ഡി)** | പ്രസ്തുത വിഭാഗക്കാർക്കായുള്ള ഉപപദ്ധതിയുടെ ഫണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള മൈക്രോ പ്ലാനുകൾ തയ്യാറാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ; | **(ഡി)** | തദ്ദേശസ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നം.2321/2017/ത.സ്വ.ഭ. തിരുവനന്തപുരം, തീയതി 07/07/2017 പ്രകാരം പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ, ആരോഗ്യത്തിന് ഊന്നൽ നല്കി കൊണ്ട് സമഗ്രവും സംയോജിതവുമായ പട്ടികവർഗ്ഗ വികസന പരിപാടി ആവിഷ്ക്കരിക്കുന്നതിനായി തെരഞ്ഞെടുത്ത 51 ഗ്രാമപഞ്ചായത്തുകളിൽ |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ / സർക്കാർ ഏജൻസികൾ എന്നിവയുടെ പദ്ധതി വിഹിതം സംയുക്തമായി വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| **(ഇ)** | മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനായി, വിവിധ സ്ഥലങ്ങളിലായികിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക സാമുദായിക സ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ ? | **(ഇ)** | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി ചിന്നിച്ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക സാമുദായിക സ്ഥിതി വിവര കണക്ക് ശേഖരിക്കുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്, 2017 ആഗസ്റ്റിൽ പൂർത്തീകരിക്കും. ടി വിവരം ഗുണഭോക്താക്കളെ അറിയിക്കുന്നതിനായി പത്ര മാധ്യമങ്ങളിലൂടെ വിജ്ഞാപനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികവർഗ്ഗ മേഖലകൾക്കു പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നു കരകയറ്റുന്നതിന് മൈക്രോപ്ലാനുകൾ തയ്യാറാക്കി നിലവിലുള്ള സ്കീമുകളെ പരമാവധി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2321/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 07.07.2017

വായന :- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21.06.2017-ൽ കൂടിയ യോഗത്തിലെ 1.15 നംപർ തീരുമാനം

### ഉത്തരവ്

പട്ടികവർഗ്ഗ മേഖലകൾക്കു പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. ഇവരുടെ എണ്ണം വളരെ കുറവായതിനാൽ പലപ്പോഴും പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കണമെന്നില്ല. ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നു കരകയറ്റുന്നതിന് മൈക്രോപ്ലാനുകൾ തയ്യാറാക്കി നിലവിലുള്ള സ്കീമുകളെ പരമാവധി സംയോജിപ്പിച്ച് പദ്ധതി നടപ്പാക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ മേഖലയ്ക്ക് പുറത്ത് ചിന്നിചിതറി കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക, സാമുദായിക പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിന് കുടുംബങ്ങളുടെ സർവ്വെ നടത്തിയും അവരുടെ ജീവിത സാഹചര്യങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കിയും പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു. ഈ പദ്ധതി നടത്തിപ്പിനായി പട്ടിക വർഗ്ഗ വികസന വകുപ്പിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

2) കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ, മാതൃശിശുമരണ നിരക്ക് കൂടുതലായി കാണപ്പെടുന്ന വിഭാഗങ്ങൾ, പോഷകാഹാര കുറവ് കണ്ടെത്തിയിട്ടുള്ള വിഭാഗങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ അപ്രാപ്യമായതും വനത്തിൽ ഉള്ളതുമായ സങ്കേതങ്ങളിൽ താമസിക്കുന്നവർ തുടങ്ങിയവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിന്റെ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പദ്ധതികളും അപര്യാപ്തമായതിനാൽ ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകി ഈ

വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനായി അടിയന്തിര ഇടപെടലുകൾ ആവശ്യമുള്ള 51 പഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ പട്ടിക വർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ സർക്കാർ ഏജൻസികൾ എന്നിവയുടെ പദ്ധതി വിഹിതം സംയുക്തമായി വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരിക്കണമെന്നും ഉത്തരവാകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് ഈ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് (51 എണ്ണം) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതും ഈ പഞ്ചായത്തുകൾ പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ത.സ്വ.ഭ.ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ